# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 സെപ്റ്റംബർ 6

# വാർത്താക്കുറിപ്പ്

---

## പ്രാക്ടിക്കൽ

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എഫ്.ടി. (സി.ബി.സി.എസ്. 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ ഐരാപുരം സി.ഇ.റ്റി. കോളേജ് ഓഫ് മാനേജ്മെന്റ് സയൻസ് ആന്റ് ടെക്നോളജിയിൽ രജിസ്റ്റർ ചെയ്ത രജിസ്റ്റർ നമ്പർ 170021084558 വിദ്യാർഥിയുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 16ന് ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1640/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എഫ്.ടി. (സി.ബി.സി.എസ്.എസ്. 2013-16 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ രജിസ്റ്റർ ചെയ്ത രജിസ്റ്റർ നമ്പർ 150021245587 വിദ്യാർഥിയുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 17ന് നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1641/2019)

## എം.എ. സോഷ്യൽ വർക്ക് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ്; സെപ്റ്റംബർ 18 വരെ അപേക്ഷിക്കാം

റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് നടത്തുന്ന എം.എ. സോഷ്യൽ വർക്ക് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ് ആന്റ് ആക്ഷൻ പ്രോഗ്രാമിലേക്ക് സെപ്റ്റംബർ 18 വരെ അപേക്ഷിക്കാം. 20 സീറ്റാണുള്ളത്. ബിരുദധാരികൾക്ക് അപേക്ഷ നൽകാം. എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. ഡിസെബിലിറ്റിയുമായി ബന്ധപ്പെട്ട മേഖലയിലുള്ള പരിചയത്തിന് മുൻഗണന. അപേക്ഷ ഫീസ് 1000 രൂപ (എസ്.സി./എസ്.ടി. വിഭാഗത്തിന് 500 രൂപ). പൂരിപ്പിച്ച അപേക്ഷ ഓൺലൈനായി ഫീസടച്ചതിന്റെ രസീത് എന്നിവ ഡയറക്ടർ, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, മഹാത്മാ ഗാന്ധി സർവകലാശാല, പി.ഡി. ഹിൽസ് പി.ഒ., കോട്ടയം എന്ന വിലാസത്തിൽ സെപ്റ്റംബർ 18നകം ലഭിക്കണം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1642/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എഡ്. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 19 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1643/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്സി. അപ്ലൈഡ് കെമിസ്ട്രി (സി.എസ്.എസ്., റഗുലർ, സപ്ലിമെന്ററി 2017 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 19 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1644/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. ആക്ച്വറിയൽ സയൻസ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1645/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. തമിഴ് (സി.എസ്.എസ്. - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 19 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1646/2019)

2019 മാർച്ചിൽ നടന്ന ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം എൽ.എൽ.ബി. ഓണേഴ്സ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 17 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1647/2019)

2019 മാർച്ചിൽ നടന്ന ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി.(ഓണേഴ്സ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 17 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1648/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. ക്ലിനിക്കൽ ന്യൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 19 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1649/2019)

2019 ജൂലൈയിൽ സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എൻവയൺമെന്റ് സയൻസസ് ആന്റ് മാനേജ്മെന്റ് (2014-16 അഡ്മിഷൻ സപ്ലിമെന്ററി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1650/2019)

2019 ജൂലൈയിൽ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1651/2019)

## രാജ്യാന്തര സെമിനാർ സെപ്തംബർ 13 മുതൽ 15 വരെ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർനാഷണൽ യൂണിറ്റ് ഓഫ് മാക്രോ മോളിക്യുലാർ സൈൻസും സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസും തൃശ്ശൂർ പദ്മ ഹെൽബൽസും സംയുക്തമായി നടത്തുന്ന രാജ്യാന്തര സെമിനാർ സെപ്തംബർ 13 മുതൽ 15 വരെ മാന്നാനം ജോയീസ് ഇന്നിൽ നടക്കും.

ന്യൂട്രാസ്യൂട്ടിക്കൽ, ഹെർബൽസ് സപ്ലിമെന്റ്സ് ആന്റ് നാനോ ഫോർമുലേഷൻസ് എന്ന വിഷയത്തിലാണ് സെമിനാർ. പ്രശസ്ത ഫിസിഷ്യനും ഗവേഷകനുമായ ഡോ. ഷാജി വർഗീസ് കുടിയത്ത് ഉദ്ഘാടനം നിർവഹിക്കും. ക്ലിനിക്കൽ മെഡിസിൻ, ഡയബറ്റിക്സ്, കൊറോണറി ആർട്ടറി ഡിസീസ്, ഫ്ളൂറോസിസ്, പ്ലാന്റ് മെഡിസിൻ, ഡി.എൻ.എ. സെൻസിംഗ്, സാൽമൊണെല്ല ഇൻഫെക്ഷൻ, പാർക്കിൻസൺസ് ഡിസീസ് എന്നീ വിഷയങ്ങളിൽ പ്രമുഖ ശാസ്ത്രജ്ഞർ പ്രബന്ധം അവതരിപ്പിക്കും. ഡൈനാമിക് ടച്ച് തെറാപ്പിയെക്കുറിച്ച് ഡോ. എബ്രഹാം ജോസഫ് പ്രബന്ധം അവതരിപ്പിക്കും. ചികിത്സാരീതികൾ നിർദ്ദേശിക്കും. ഹെർണിയയെക്കുറിച്ച് ഡോ. യൂഗിൻ ഹ്യന പ്രബന്ധം അവതരിപ്പിക്കും.

(പി.ആർ.ഒ./39/1652/2019)

## ഇന്തോ-ജപ്പാൻ സംയുക്ത ശില്പശാല സെപ്തംബർ 13ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസും ജപ്പാനിലെ ടോക്കിയോ സോഫിയ യൂണിവേഴ്സിറ്റി ഗ്രാജ്വേറ്റ് സ്കൂൾ ഓഫ് ഗ്ലോബൽ എൻവയൺമെന്റൽ സയൻസസും സംയുക്തമായി നടത്തുന്ന ഏകദിന ശില്പശാല സെപ്തംബർ 13ന് നടക്കും.

സ്കൂൾ ഓഫ് ബയോസയൻസസിൽ രാവിലെ 9.30ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. സിൻഡിക്കേറ്റംഗവും സ്കൂൾ ഓഫ് ബയോസയൻസസ് ഡയറക്ടറുമായ ഡോ. കെ. ജയചന്ദ്രൻ അധ്യക്ഷത വഹിക്കും. ഡോ. ജോൺ ജെ. പുത്തൻകളം, ഡോ. ജി.ജെ. റേ, ഡോ. കെ. ഇന്ദുലേഖ, ഡോ. ഇ.കെ. രാധാകൃഷ്ണൻ എന്നിവർ പങ്കെടുക്കും.

ജപ്പാനിലെ സോഫിയ സർവകലാശാലയുമായി ചേർന്ന് മഹാത്മാ ഗാന്ധി സർവകലാശാല നടത്തുന്ന സംയുക്ത ഗവേഷണ പദ്ധതികളുടെ ഭാഗമായാണ് ശില്പശാല സംഘടിപ്പിച്ചിരിക്കുന്നത്. ഇരു രാജ്യങ്ങളിലെയും ഗവേഷകർക്ക് പരസ്പരം സംവദിക്കാനും ഗവേഷണ വിഷയങ്ങൾ ചർച്ച ചെയ്യാനുമുള്ള വേദിയാകും ശില്പശാല.

(പി.ആർ.ഒ./39/1653/2019)

**International Workshop and Conference on Nutraceuticals, Herbals Supplements and Nano Formulations (ICNH-2019) on 13-15 September, 2019 Kottayam, Kerala, India**

P.D.Hills: A three day International conference on Nutraceuticals, Herbals Supplements and Nano Formulations (ICNH-2019) on 13-15 September, 2019 Kottayam, Kerala, India is to be held by Mahatma Gandhi University, Kottayam ,Kerala, India. This conference is organized by International Unit of Macromolecular Science Mahatma Gandhi University, and School of Energy Materials, Mahatma Gandhi University along with Padma Herbals Private Limited, Koratty, Thrissur. The venue of the conference is at Joyees Inn Mannanam. Special sessions on clinical medicine, diabetes, coronary artery disease, fluorosis, plant medicine, DNA sensing, asthma, salmonella infection, parkinson's disease, endocarditis, arthritis, cardiovascular health, cancer, dengue, touch therapy, modeling/ simulation, which constitute the cutting edge of holistic therapies, will be the highlights of the event. The conference will be inaugurated by Dr. Shaji Varghese Kudiyat, Chief Physician and Researcher, St. George Holistic Health Care Center, India.. The conference will be an ideal platform for researchers to present their work, compare notes, develop new interfaces, bench mark their work, exchange views and widen the scope and range of their research activities through dynamic networking. About 100 participants will participate in ICNH 2019, including about 8 delegates from abroad. The conference will also encompass a session on Dynamic Touch Therapy, a novel holistic approach developed by Dr Abraham Joseph without the intake or application of drugs. A session on Hernia discale is also included by Dr Eugene MFUNA.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ